ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.10.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ വ്യക്തമായ മുന്നേറ്റം കാഴ്ചവച്ച് ബിജെപി. ജമ്മു-കശ്മീരിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യം മുന്നിൽ.

   Counting of votes underway for J&K and Haryana Assembly Elections. BJP set for win in Haryana. NC-Congress alliance ahead in J and K.

2) വ്യോമസേനാ ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും, പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. ഇന്ത്യൻ വ്യോമസേന ധീരതയുടെയും, ശൗര്യത്തിൻറെയും പ്രതീകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും ശക്തമായ സേനകളിലൊന്നാണ് ഇന്ത്യൻ വ്യോമസേനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   President Droupadi Murmu and Prime Minister Narendra Modi extended greetings to the Indian Air Force on the occasion of Air Force Day.

3) 70-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

   President Droupadi Murmu to confer 70th National Film Awards in New Delhi today; Veteran actor Mithun Chakraborty to be honoured with Dadasaheb Phalke Award.

4) എഡിജിപി എം.ആർ അജിത്കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന്മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു.

Discussions are underway in Kerala Assembly over the adjournment motion introduced by Opposition over the allegations against ADGP M.R Ajit Kumar

5) ഐസിസി വനിതാ ട്വൻറി-20 ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലൻഡിനെ നേരിടും.

In Cricket, Australia to take on New Zealand in Group A match of ICC Women's T20 World Cup, in Sharjah, UAE this evening.

$$$$$$$$$$$$$$$$$$$$$$$$

**COUNTING**

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ ശക്തമായ മുന്നേറ്റം കാഴ്ച വച്ച് ബിജെപി. ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ്-കോൺഗ്രസ് സഖ്യത്തിന് വ്യക്തമായ മേൽക്കൈ.

90 നിയമസഭാ സീറ്റുകളുള്ള ഹരിയാനയിൽ 48 സീറ്റിൽ ബിജെപിയും, 36 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. ഇന്ത്യൻ നാഷണൽ ലോക് ദള്ളും, ബി.എസ്.പിയും ഓരോ സീറ്റുകളിലും, സ്വതന്ത്ര സ്ഥാനാർത്ഥികൾ 4 സീറ്റിലുമാണ് ലീഡ് ചെയ്യുന്നത്.

ജമ്മുകശ്മീരിലെ 90 സീറ്റിൽ, 42- ഇടത്ത് നാഷണൽ കോൺഫറൻസും, 27 സീറ്റിൽ ബിജെപിയും, 8 ഇടത്ത് കോൺഗ്രസ് സ്ഥാനാർത്ഥികളുമാണ് ലീഡ് ചെയ്യുന്നത്. ജമ്മു കശ്മീർ പി.ഡി.പിയും, പീപ്പിൾസ് കോൺഫറൻസും രണ്ട് സീറ്റുകളിൽ വീതവും, സിപിഐ(എം) ഒരു സീറ്റിലും, സ്വതന്ത്രർ ആറ് സീറ്റുകളിലും മുന്നിലാണ്.

ഹരിയാനയിൽ ബിജെപി നേതാവും മുഖ്യമന്ത്രിയുമായ നയാബ് സിംഗ് സൈനി ലാഡ്വ സീറ്റിൽ ലീഡ് ചെയ്യുന്നു. കോൺഗ്രസ് നേതാവും മുൻ മുഖ്യമന്ത്രിയുമായ ഭൂപീന്ദർ സിംഗ് ഹൂഡ ഗഡി-സാംപ്ല മണ്ഡലത്തിൽ മുന്നിലാണ്. ജുലാനയിൽ ഗുസ്തി താരം വിനേഷ് ഫോഗട്ട് ലീഡ് ചെയ്യുന്നു.

ജമ്മു കശ്മീർ മുൻ മുഖ്യമന്ത്രിയും ദേശീയ കോൺഫറൻസ് നേതാവുമായ ഒമർ അബ്ദുള്ള ബുഡ്ഗാം, ഗന്ദർബാൽ സീറ്റുകളിൽ ലീഡ് ചെയ്യുകയാണ്. കോൺഗ്രസ് നേതാവ് പീർസാദ മുഹമ്മദ്

അനന്ത്നാഗിലും, സിപിഐ(എം) നേതാവ് മുഹമ്മദ് യൂസഫ് തരിഗാമി കുൽഗാമിലും ലീഡ് ചെയ്യുന്നു. ദൂരു മണ്ഡലത്തിൽ മുതിർന്ന കോൺഗ്രസ് നേതാവ് ഗുലാം മുഹമ്മദ് മിർ മുന്നിലാണ്. ഉധംപൂരിലെ ചെനാനി മണ്ഡലത്തിൽ ബിജെപി സ്ഥാനാർത്ഥി ബൽവന്ത് സിംഗ് മങ്കോട്ടിയയാണ് മുന്നിൽ.

$$$$$$$$$$$$$$$$$$

**COUNTING RESULT**

ജമ്മു കശ്മീരിൽ ഫലം പ്രഖ്യാപിച്ച നാല് സീറ്റുകളിൽ രണ്ടിടത്ത് നാഷണൽ കോൺഫറൻസും, രണ്ട് മണ്ഡലങ്ങളിൽ ബിജെപിയും വിജയം നേടി. ഗുരേസ്, ഹസ്രത്ബാൽ മണ്ഡലങ്ങളിലാണ് നാഷണൽ കോൺഫറൻസിൻറെ വിജയം. ഉധംപൂർ ഈസ്റ്റ്, ബഷോലി മണ്ഡലങ്ങളിൽ ബിജെപി സ്ഥാനാർത്ഥികൾ വിജയിച്ചു.

$$$$$$$$$$$$$$$$$$

**PM- AIR FORCE DAY**

ഇന്ന് വ്യോമസേനാ ദിനം. ഇന്ത്യൻ വ്യോമസേനയുടെ 92 ആം വാർഷിക ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ ആശംസകൾ നേർന്നു. ധീരതയുടെയും, ശൗര്യത്തിൻറെയും പ്രതീകമാണ് ഇന്ത്യൻ വ്യോമസേനയെന്നും, രാജ്യത്തെ കാത്തുസൂക്ഷിക്കുന്നതിൽ സേന സദാ ജാഗ്രത പുലർത്തുന്നതായും രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. വ്യോമസേനയുടെ ധൈര്യവും അർപ്പണബോധവും പ്രശംസനീയമാണെന്നും, രാജ്യസുരക്ഷയിൽ സേനയുടെ പങ്ക് ഏറെ വലുതാണെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഏറ്റവും ശക്തമായ സേനകളിലൊന്നായി മാറിയ ഇന്ത്യൻ വ്യോമസേനയുടെ വിജയഗാഥ വിവരിക്കുന്ന വീഡിയോയും പ്രധാനമന്ത്രി പങ്കുവെച്ചു. അടിയന്തരഘട്ടങ്ങളിൽ നിർണായക സേവനങ്ങൾ നൽകുന്ന വ്യോമസേന രാജ്യത്തിനൊന്നാകെ അഭിമാനമാണെന്ന് ശ്രീ രാജ്നാഥ് സിങ്ങ് ആശംസാ സന്ദേശത്തിൽ പറഞ്ഞു.

$$$$$$$$$$$$$$$$$$

## VAYU VEER VIJETA RALLY

ഇന്ത്യൻ വ്യോമസേനയുടെ മെഗാ **'വായു വീർ വിജേത'** കാർ റാലിക്ക്, ലഡാക്കിലെ തോയിസിൽ ഇന്ന് തുടക്കം. സേനയുടെ 92-ാം വാർഷികത്തോടനുബന്ധിച്ചാണ് ഏഴായിരം കിലോമീറ്റർ ദൈർഘ്യമുള്ള കാർ റാലി സംഘടിപ്പിക്കുന്നത്. ഈ മാസം 29-ന് അരുണാചൽ പ്രദേശിലെ തവാങ്ങിലാണ് റാലി സമാപിക്കുക. കാർ റാലിക്ക് ഈ മാസം ഒന്നിന് ന്യൂഡൽഹിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഊഷ്മളമായ യാത്രയയപ്പ് നൽകിയിരുന്നു. കേന്ദ്രസഹമന്ത്രി ഹർഷ് മൽഹോത്ര കാർ റാലിയിൽ പങ്കെടുക്കുന്നുണ്ട്.

$$$$$$$$$$$$$$$$$$

## PRESIDENT-FILM AWARDS

70-ാമത് ദേശീയ ചലച്ചിത്ര പുരസ്ക്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. വിഖ്യാത നടൻ മിഥുൻ ചക്രവർത്തിക്ക് ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽകെ പുരസ്ക്കാരം സമ്മാനിക്കും. മികച്ച നടനുള്ള പുരസ്ക്കാരം ഋഷഭ് ഷെട്ടിയും, മികച്ച നടിക്കുള്ള പുരസ്കാരം നിത്യ മേനനും മാനസി പരേഖും ഏറ്റുവാങ്ങും. മലയാളത്തിൽ നിന്നുള്ള **ആട്ടം** - ആണ് 2022 ലെ മികച്ച ചലച്ചിത്രം.

$$$$$$$$$$$$$$$$$$

## MUIZZU - TAJ MAHAL VISIT

ഇന്ത്യ സന്ദർശനം തുടരുന്ന മാൽദീവ്സ് പ്രസിഡൻ്റ് മുഹമ്മദ് മുയിസുവും പത്നി സാജിദ മുഹമ്മദും ഇന്ന് താജ്മഹൽ സന്ദർശിച്ചു. ആഗ്ര വിമാനത്താവളത്തിൽ എത്തിയ മാൽദീവ്സ് പ്രസിഡന്റിനെ ഉത്തർപ്രദേശ് മന്ത്രി യോഗേന്ദ്ര ഉപാധ്യായ് സ്വീകരിച്ചു. സന്ദർശനത്തോട് അനുബന്ധിച്ച് താജ്മഹലിൽ പൊതുജനങ്ങൾക്ക് രണ്ട് മണിക്കൂർ പ്രവേശനം അനുവദിച്ചിരുന്നില്ല. ഇന്ന് മുംബൈയിലും നാളെ ബെംഗളൂരുവിലും സന്ദർശനം നടത്തുന്ന മാൽദീവ്സ് പ്രസിഡൻ്റ് വ്യാഴാഴ്ച മടങ്ങും.

$$$$$$$$$$$$$$$$$$

## ASSEMBLY-WYANAD

വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ സംസ്ഥാനം നടത്തിയ രക്ഷാ -ദുരിതാശ്വാസ പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണെന്ന് റവന്യു മന്ത്രി കെ രാജൻ. വയനാട്ടിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നിയമസഭയിൽ ചട്ടം 300 പ്രകാരം മുഖ്യമന്ത്രിക്ക് വേണ്ടി പ്രസ്താവന നടത്തുകയായിരുന്നു അദ്ദേഹം. ദുരന്ത ബാധിത പ്രദേശങ്ങളെ പൂർവ സ്ഥിതിയിൽ ആക്കുന്നതിനും സമഗ്ര പുനരാധിവാസത്തിനുമാണ് സർക്കാർ ഊന്നൽ നൽകുന്നതെന്ന് മന്ത്രി വ്യക്തമാക്കി. കാലാവസ്ഥാ വ്യതിയാനത്തിൻറെ അതിതീവ്രത അനുഭവിക്കുന്ന സമൂഹമായി കേരളം മാറുന്ന പശ്ചാത്തലത്തിൽ, ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാനുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നതെന്നും പ്രസ്താവനയിൽ വ്യക്തമാക്കുന്നു.

$$$$$$$$$$$$$$$$$$

## ASSEMBLY-ADGP

എ ഡി ജി പി എം, ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിവാദങ്ങളിൽ പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയത്തിന് മേൽ നിയമസഭയിൽ ചർച്ച പുരോഗമിക്കുന്നു. വിഷയം സഭാ നടപടികൾ നിർത്തി വെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ട് വന്ന അടിയന്തര പ്രമേയത്തിന് സ്പീക്കർ അനുമതി നൽകുകയായിരുന്നു. പ്രതിപക്ഷത്ത് നിന്നും എൻ ഷംസുദീൻ ആണ് അടിയന്തര പ്രമേയ ചർച്ചകൾക്ക് തുടക്കം കുറിച്ചത്. മുഖ്യമന്ത്രിയുടെ അഭിമുഖത്തിലെ മലപ്പുറം പരാമർശം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സർക്കാരിനെതിരെ രൂക്ഷമായ വിമർശനം പ്രതിപക്ഷം സഭയിൽ ഉയർത്തി. ആരോഗ്യകാരണങ്ങളാൽ മുഖ്യമന്ത്രി ചർച്ചയിൽ പങ്കെടുക്കാത്തതിനാൽ മന്ത്രി എം.ബി. രാജേഷ് ആയിരിക്കും അടിയന്തര പ്രമേയ ചർച്ചകൾക്ക് സഭയിൽ മറുപടി നൽകുക.

$$$$$$$$$$$$$$$$$$

## *ASSEMBLY - P RAJEEV ( INTRO )*

*പാലക്കാട് മാനുഫാക്ച്ചറിംഗ് സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ പൂർണ സജ്ജമാണെന്ന് മന്ത്രി പി രാജീവ്. കേരളത്തിൻറെ*

*വ്യവസായ മേഖലയിൽ നാഴികക്കല്ലായി പദ്ധതി മാറുമെന്ന് അദ്ദേഹം നിയമസഭയിൽപറഞ്ഞു.*

*(വോയിസ്)*

*തൃശൂരിൽ റോബോട്ടിക്സ് പാർക്ക് ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതായും മന്ത്രി പി രാജീവ് അറിയിച്ചു. സംസ്ഥാനത്ത് റോബോട്ടിക്സ്, നിർമിത ബുദ്ധി തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ച് കൂടുതൽ നിക്ഷേപം ആകർഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.*

$$$$$$$$$$$$$$$$$$$$

## Direct Tax

1961ലെ ആദായനികുതി നിയമത്തിന്റെ സമഗ്രമായ അവലോകനത്തിനായി കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് ആഭ്യന്തര സമിതിക്ക് രൂപം നൽകി. നികുതിദായകർക്കുള്ള സേവനങ്ങൾ മെച്ചപ്പെടുത്താനും, ആദായ നികുതിയുമായി ബന്ധപ്പെട്ട തർക്കങ്ങളും, വ്യവഹാരങ്ങളും കുറയ്ക്കാനുമാണ് അവലോകനത്തിലൂടെ ലക്ഷ്യമിടുന്നത്. ആദായനികുതി നിയമം ജനങ്ങൾക്ക് കൂടുതൽ വ്യക്തമാകുന്ന രീതിയിലാക്കുന്നതും സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ജനങ്ങൾക്ക് ആദായ നികുതി വകുപ്പിൻറെ ഇ-ഫയലിംഗ് പോർട്ടലൂടെ അറിയിക്കാവുന്നതാണ്.

$$$$$$$$$$$$$$$$$$$$

## NADDA-TB INITIATIVES

ക്ഷയരോഗികൾക്കും, രോഗികളുമായി സമ്പർക്കം പുലർത്തുന്നവർക്കും പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുന്നത് ലക്ഷ്യമിട്ടുള്ള സുപ്രധാന സംരംഭങ്ങൾ പ്രഖ്യാപിച്ച് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. രാജ്യത്ത് നിന്ന് ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. നി-ക്ഷയ് പോഷൻ യോജനയ്ക്ക് കീഴിലുള്ള പ്രതിമാസ പോഷകാഹാര സഹായം നിലവിലെ 500 രൂപയിൽ നിന്ന് 1000 രൂപയാക്കിയതായി കേന്ദ്രമന്ത്രി അറിയിച്ചു. ബിഎംഐ 18.5 ൽ താഴെയുള്ള എല്ലാ രോഗികൾക്കും പോഷകാഹാര വിതരണം ഉറപ്പു വരുത്തുമെന്നും ശ്രീ.ജെ.പി. നഡ്ഡ വ്യക്തമാക്കി.

$$$$$$$$$$$$$$$$$$

## MANDAVIYA DIPA RETIREMENT

ഔദ്യോഗികവിരമിക്കൽ പ്രഖ്യാപിച്ച ഇന്ത്യൻ ജിംനാസ്റ്റിക് താരം ദീപ കർമാകറിന് കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ ആശംസകൾ നേർന്നു. നിരവധി പെൺകുട്ടികളെ കായികരംഗത്തേക്ക് നയിക്കാൻ ദീപ പ്രചോദനമായതായി അദ്ദേഹം പറഞ്ഞു. ഇന്ത്യൻ ജനതയ്ക്ക് അഭിമാനത്തിന്റെ നിമിഷങ്ങൾ സമ്മാനിച്ച ദീപ കർമാകർ, ലോകവേദിയിൽ രാജ്യത്തിൻറെ യശസ്സ് ഉയർത്തിയതായും ശ്രീ മാണ്ഡവ്യ സമൂഹമാധ്യമത്തിൽ കുറിച്ചു.

$$$$$$$$$$$$$$$$$$

## ICC WOMEN CRICKET

ഐസിസി വനിതാ ടി-20 ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലൻഡിനെ നേരിടും. ഇന്ത്യൻ സമയം വൈകുന്നേരം 7:30 ന് ഷാർജയിലാണ് മത്സരം.

$$$$$$$$$$$$$$$$$$

## INDIA-BANGLADESH T20

ഇന്ത്യ-ബംഗ്ലാദേശ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം ടി20 മത്സരം നാളെ . ന്യൂഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്കാണ് മത്സരം. ഞായറാഴ്ച നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ 7 വിക്കറ്റിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തിയിരുന്നു.

$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$